നം.കെഎസ്എ.കെടിഎം.പി.14-1490/2017 തീയതി: 22.09.2017

# കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 31.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 30.06.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 31-08-2017ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു. എസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.08.2017- 31.08.2017 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സജി.പി.ആർ. ഓഡിറ്റ് ഓഫീസർ<br>ശ്രീ.രഞ്ജിത്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഷാജിമോൻ.പി.ബി. ഓഡിറ്റർ<br>ശ്രീ. ബാബുരാജ്. ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി. ഷൈനി സന്തോഷ് | 01.04.2016-31.03.2017 |
| സെക്രട്ടറി | ശ്രീമതി. ഷൈലാ ഗോപാൽ | 01.04.2016-31.07.2016 |
| | ശ്രീമതി. എൽസമ്മ ജോസഫ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.08.2016- 22.12.2016 |
| | ശ്രീ.ശ്രീകാന്ത്. റ്റി.ആർ. | 23.12.2016- 31.03.2017 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ബിജു.കെ | 01.04.2016-31.03.2017 |
| വി.ഇ.ഒ | ശ്രീ. ബിനു ഡാർവിൻ | 01.04.2016-31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അല്ലി.കെ.കെ | 01.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഷാജു | 01.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സാജൻ ചെറിയാൻ | 01.04.2016-31.03.2017 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. പത്മനാഭൻ | 01.04.2016-31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | കണ്ണൻ.എം.വി. | 01.04.2016-31.03.2017 |
| കൃഷി ഓഫീസർ | എം.എ. റഫീക്ക് | 01.04.2016-31.03.2017 |
| അസിസ്റ്റന്റ് എൻജിനീയർ | ദയ പുരുഷോത്തമൻ | 01.04.16- 31.03.2017 |

<u>ഉള്ളടക്കം</u>


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | തനത് വരുമാനം |
| 1-7 | പദ്ധതി അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-4 | ഡി ആന്റ് ട്രേഡ് ലൈസൻസ് അപാകതകൾ |
| 2-5 | കെട്ടിട നിർമ്മാണാനുമതി--രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ |
| 2-6 | വസ്തു നികുതി നിർണ്ണയം--അപാകതകൾ |
| 2-7 | വസ്തു നികുതി പരിഷ്കരണം--അപാകതകൾ |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്--നടത്തിപ്പിലെ അപാകതകൾ |
| 3-2 | മന്നം സാംസ്കാരിക നിലയം ഫർണ്ണീച്ചർ വാങ്ങൽ |
| 3-3 | പാലിന് സബ്സിഡി--അപാകതകൾ |
| 3-4 | മരുന്നുകൾ ലഭ്യമായില്ല--ചെലവ് തടസ്സപ്പെട്ടുത്തുന്നു |
| 3-5 | വി.ഇ.ഒ.നടപ്പാക്കിയ പദ്ധതി അപാകതകൾ |
| 3-6 | പ്രവൃത്തി പൂർത്തീകരണ/വിനിയോഗ വിശദാംശങ്ങൾ ഇല്ല |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |

| | |
|---|---|
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുളള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 7863701 | 5093248 | | 2770453 | - 35.23 |
| വരവ് | 95401700 | 40981692 | | 54420008 | - 57.04 |
| ആകെ | 103265401 | 46074940 | | 57190461 | - 55.38 |
| ചെലവ് | 97545200 | 38170753 | | 59374447 | - 60.86 |
| നീക്കിയിരിപ്പ് | 5720201 | 7904187 | 2183986 | | + 38.18 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 13.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 29.08.2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5093248 |
| വരവ് | 40981692 |
| ആകെ | 46074940 |
| ചെലവ് | 38170753 |
| നീക്കിയിരിപ്പ് | 7904187 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10566975 | 10566975 | 9066072 | 1500903 | 86 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1706892 | 1706892 | 1257580 | 449312 | 74 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1603524 | 1603524 | 526385 | 1077139 | 33 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1336842 | 1336842 | 660238 | 676604 | 49 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2815734 | 2815734 | 1041459 | 1774275 | 40 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5926849 | 5926849 | 3656492 | 2270357 | 38.3 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3103382 | 3103382 | 798962 | 2304420 | 62 |
| എൻ.ആർ.ഇ.ജി.എസ് | 0 | 7872219 | 7872219 | 7872219 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 31276536 | 140 | 19989102 | 7 | 12 | 63.91 |

## 1-7 തനത് വരുമാനം.

2015-16 വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 64.30 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 854270 | 874970 | 20700 | (+) 2.42 |
| നികുതിയേതര വരവുകൾ | 1815346 | 3511307 | 1695961 | (+) 93.42 |
| ആകെ | 2669616 | 4386277 | 1716661 | (+) 64.30 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 32280 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 2037870 | 253 |
| വിധവാപെൻഷൻ | 5778930 | 598 |
| വാർദ്ധക്യകാലപെൻഷൻ | 9162830 | 1098 |
| വികലാംഗപെൻഷൻ | 2035560 | 248 |
| അവിവാഹിത പെൻഷൻ | 542000 | 55 |
| സാധുക്കളായ വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹധനസഹായം | 570000 | 19 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2017 തീയതി 3.15 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31127 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി, രസീതു ബുക്കുകൾ എന്നിവയുടെ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൃത്യമായി പരിപാലിയ്ക്കുന്നുണ്ട്. വിവധ നികുതി/ ഫീസിനങ്ങളുടെ ഡിമാന്റ്/ കളക്ഷൻ രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് രജിസ്റ്റർ സൂക്ഷിക്കുകയും ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടി വിവരം രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്.

ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. സഞ്ചയ സേഫ്റ്റ് വെയറിൽ വസ്തുനികുതിയുടെ വിവരശേഖരണം കൃത്യമായി ചെയ്യാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ കംപ്യൂട്ടറുകൾ, ഫർണിച്ചർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് ഒരു സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് പരിപാലിയ്ക്കുന്നത്. ഫർണിച്ചറുകൾക്ക് കൃത്യമായി നമ്പർ നൽകി സ്റ്റോക്കിലെടുക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.05.2017 | 04/2017 | റിപ്പോട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2002- 01.10.2012 | 2012-13- 2016-17 | LBA(HQ)1V/8B/736/204 /7.12.12 |

## 1-12 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ എന്നും ടി ഉത്തരവാദിത്തങ്ങളും ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചിട്ടുണ്ടോ എന്നും അതുവഴി പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചിട്ടുണ്ടോ എന്നും ഇപ്രകാരം ലഭിച്ച വരുമാനം കൃത്യമായി വിനിയോഗിച്ചിട്ടുണ്ടോ എന്നും കൃത്യമായ

കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വിവധ വരവിനങ്ങളുടെ അടിസ്ഥാന രേഖകൾ വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിററ് ലക്ഷ്യങ്ങൾ പ്രാപ്തമായിട്ടുണ്ടോ എന്ന് വിലയിരുത്തുക എന്നതാണ് ഓഡിറ്റ് മാനദണ്ഡം.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കുകളുടെ അവലേകനം

പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 62614726 രൂപയും ആകെ ചെലവ് 63656435 രൂപയും പ്രവർത്തനമിച്ചം 675441 രൂപയുമാണ്.
2. റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 46074940 രൂപയും ആകെ ചെലവ് 38170753 രൂപയുമാണ്. 31.3.2017 ലെ നീക്കിയിരിപ്പ് 7904187 രൂപയാണ്.
3. ബാലൻസ് ഷീറ്റ് പ്രകാരം 31.3.2017 ലെ ആകെ ആസ്തിമൂല്യം 33150769 രൂപയും ആകെ ബാദ്ധ്യത 2532464 രൂപയുമാണ്.
4. 31.3.2017 ആകെ ജനറൽ ഫണ്ട് 3378303 രൂപയാണ്.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ കൃത്യമായി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
2. സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ എൻട്രി നടത്തിയത് കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി കണക്കുകൾ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.
3. തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതും കാലഹരണപ്പെട്ടതുമായ താഴെ ചേർക്കുന്ന ചെക്കുകൾ വരവിലെടുത്ത് ക്രമീകരിച്ചിട്ടില്ല.

| ചെക്ക് നം/ തീയതി | തുക |
|---|---|
| 00654/ 26.12.12 | 2340 |
| 04311/ 11.3.15 | 2229 |
| 10057/ 20.7.15 | 297 |
| 10235/ 7.10.15 | 1000 |

4. ബസ് സ്റ്റാന്റ് ലേലം വരവ് 16500 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത് 10500 രൂപയാണ്.

മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ഖണ്ഡികയുടെ ആദ്യഭാഗത്ത് ചേർത്തിട്ടുള്ള, 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങളിൽ സാരമായ വ്യതിയാനം വരുന്നതാണ്.

### 2-2 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | എസ്.എൻ.പി. കോളേജ് | രണ്ട് അർദ്ധവർഷങ്ങളും |
| 2 | മീനച്ചിൽ ഈസ്റ്റ് അർബൻ കോ.ബാങ്ക് (ഓഡിറ്റ് & റിക്കവറി) | രണ്ട് അർദ്ധവർഷങ്ങളും |
| 3 | ജലനിധി | രണ്ടാംഅർദ്ധവർഷം |
| 4 | ക്രിസ്ത്യൻ സർവ്വീസ് സൊസൈറ്റി | രണ്ട് അർദ്ധവർഷങ്ങളും |

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/30.8.17ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി നൽകി. നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ക്രമനമ്പർ 2 ൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനം പാലാ നഗരസഭയിൽ നികുതി ഒടുക്കിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ടി സ്ഥാപനം പാലാ നഗരസഭയിൽ നികുതി ഒടുക്കിയതിന്റെ രസീത് വാങ്ങി ഹാജരാക്കേണ്ടതാണ്.

## 2-3 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഐ.എച്ച്. ആർ.ഡി. പോളിടെക്നിക് കോളേജ് | രണ്ട് അർദ്ധവർഷവും |
| 2 | ഐ.എച്ച്. ആർ.ഡി. എൻജിനീയറിംഗ് കോളേജ് | രണ്ട് അർദ്ധവർഷങ്ങളും |
| 3 | എസ്.എൻ.പി. കോളേജ് | രണ്ട് അർദ്ധവർഷങ്ങളും |

തൊഴിൽ നികുതി ഈടാക്കിയിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/30.8.17 ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഒ ട്രേഡ് ലൈസൻസ് അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം ഏതോരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം മേൽ ചട്ടപ്രകാരമല്ല ഭൂരിപക്ഷം സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ലൈസൻസ് പുതുക്കിയിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഭൂരിപക്ഷം അപേക്ഷകളിലും അവശ്യം ഉണ്ടായിരിക്കേണ്ട വിവരങ്ങൾ (വിറ്റുവരവ്, യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന്റെ വിവരം, സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം) രേഖപ്പെടുത്തിയിട്ടില്ല. വിറ്റുവരവ് രേഖപ്പെടുത്താതെ സമർപ്പിക്കുന്ന അപേക്ഷകളിൽ പോലും നാമമാത്രമായ (100, 200രൂപ) നിരക്കിൽ ഫീസ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. തൻമൂലം നികുതി ചോർച്ച സംഭവിക്കുന്നു. സ്ഥാപനത്തിൽ പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണറിപ്പോർട്ട് തയ്യാറാക്കാതെ അപേക്ഷയിലെ വിവരങ്ങൾ ചേർക്കുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ, ക്ഷീരോത്പാദക സംഘങ്ങൾ, റബർ ഉൽപാദക സംഘങ്ങൾ എന്നിവയൊന്നും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല.ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തൻവർഷം 149 സ്ഥാപനങ്ങളാണ് ലൈസൻസ് നേടിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം 700 ൽ അധികം സ്ഥാപനങ്ങൾ വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏറ്റവും വിറ്റുവരവ് ഉള്ള സ്ഥാപനവും, തെക്കേക്കര ഗ്രാമ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതുമായ പറയരുതോട്ടം സാനിവെയേഴ്സ് എന്ന സ്ഥാപനത്തിന് 200/രൂപ ഫീസ് ഈടാക്കി ലൈസൻസ് പുതുക്കി നൽകി. പരമാവധി ഫീസ് ഈടാക്കാവുന്ന പെട്രോൾ പമ്പിൽ നിന്നും 1000/രൂപ മാത്രമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിക്കുന്ന

വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, സ്ഥാപന ഉടമ സമർപ്പിക്കുന്ന അപേക്ഷയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുന്നതിനാലാണ് ഇത്തരത്തിൽ കുറഞ്ഞ ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കാൻ കാരണം അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിലും തുടർനടപടികളിലും പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നതെങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്.വളരെ ചുരുക്കമായി കെട്ടിട നം. രേഖപ്പെടുത്തിയിട്ടുണ്ട്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, സമയബന്ധി തമായി നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പെർമിറ്റ് രജി.(old) പേജ് നം/ ക്രമ നം | അപേക്ഷകന്റെ പേര് | ഉപയോഗക്രമം/ തറ വിസ്തീർണ്ണം | പെർമിറ്റ് നം | റിമാർക്സ് |
|---|---|---|---|---|
| 2/05 | സി ജെ ദേവസ്യ & സി ജെ ജോസഫ്, ചാലിൽ | വാണിജ്യം/ 196.9 ച.മീ | B3-05/10 18.05.10 | 8/329 A,B നമ്പറുകൾ നൽകിയിട്ടുള്ളതായാണ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, 24 ച.മീ വീതം തറവിസ്തീർണ്ണമുള്ള പ്രസ്തുത നം. കെട്ടിടങ്ങൾക്ക് യഥാക്രമം വാണിജ്യം, പാർപ്പിടം എന്നീ ഉപയോഗ ക്രമങ്ങളുള്ളതായും രണ്ടാമത്തെ കെട്ടിടം ശ്രീ. സി ജെ ജോസിന്റെ പേരിലുള്ളതായും കാണുന്നു. |
| 20/04 | റോണി കുര്യാക്കോസ്, പാറപ്ലാക്കൽ | വാണിജ്യം/ 214.3ച.മീ | NOC/ 3/11 | 1-204 C നം.നൽകിയിട്ടുള്ള കെട്ടിടം ശ്രീ. പി ജെ സെബാസ്റ്റ്യന്റെ പേരിലുള്ളതായും 75 ച.മീ ന് മാത്രം (പുതിയ നം.1-629) നികുതി നിർണ്ണയിച്ചിട്ടുള്ളതായും കാണുന്നു. |

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ,നിർമ്മാണ പൂർത്തീകരണം ,ഒക്യൂപ്പൻസി, നികുതി നിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ, പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകൾ പരിപാലിച്ച് വരുന്നതായാണ് കാണുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന്,മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ ക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും മേൽപ്പറഞ്ഞതുൾപ്പെടെ തറവിസ്തീർണ്ണത്തിൽ മാറ്റമുള്ളതോ ഉപയോഗക്രമത്തിൽ മാറ്റമുള്ളതോ ആയ എല്ലാ നിർമ്മാണങ്ങളും പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 കെട്ടിട നിർമ്മാണാനുമതി-വസ്തുനികുതി നിർണ്ണയം-അപാകതകൾ

1. ശ്രീ.ജോബി ബാസ്റ്റ്യൻ, പറയൻകുഴിയിൽ എന്നയാൾക്ക് 290ച.മീ തറവിസ്തീർണ്ണമുള്ള ലോഡ്ജിംഗ് കെട്ടിടം നിർമ്മിക്കുന്നതിനാണ് (ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ 2014-15, ക്രമ നം.24) നിർമ്മാണാനുമതി നൽകിയിരുന്നത്. എന്നാൽ, 1/629K,L,M,N എന്നീ കെട്ടിട നമ്പറുകളിലായി പ്രസ്തുത നിർമ്മാണത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് പാർപ്പിടം (എ1) ഗണത്തിൽപ്പെടുത്തി ₹ 5/- നിരക്കിലാണ്.
2. ശ്രീ.ജോസ് മൗറോസ്, ചെമ്പോത്തനാൽ എന്നയാളുടെ 21.11.16 ലെ (ഫയൽ നം.B3-3446/16) അപേക്ഷയിൽ കോഴിഫാം നടത്തുന്നതിനുള്ള ഷെഡിന്റെയും അനുബന്ധമായി സ്റ്റോർ റൂമിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ടി കെട്ടിടത്തിന് നമ്പറിട്ട് നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. സ്റ്റോർ റൂമിന് XIV/86A എന്ന നമ്പർ നൽകി 12.85 ച.മീ തറവിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ കോഴിഫാം കെട്ടിടത്തിന് നമ്പർ നൽകിയതായോ നികുതി നിർണ്ണയിച്ചതായോ കാണുന്നില്ല.
3. ശ്രീ.റോയി സെബാസ്റ്റ്യൻ, വലിയപറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 1/238 നം.കെട്ടിടം (വാണിജ്യാവശ്യം) വിഭജിച്ച് 8.82 ച.മീ തറവിസ്തീർണ്ണമുള്ള ഭാഗം പാർപ്പിടാവശ്യത്തിനായി വേർതിരിച്ച് നൽകണമെന്ന് (ഫയൽ നം.491/17) അപേക്ഷ സമർപ്പിക്കുകയും അതിൻ പ്രകാരം വേർതിരിച്ച ഭാഗത്തിന് 1/238A എന്ന നം. അനുവദിക്കുകയും ചെയ്തു. ഉടമസ്ഥൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാനിൽ വേർതിരിച്ച 8.82 ച.മീ ഒഴിച്ചുള്ള കെട്ടിടഭാഗത്തിന്റെ തറവിസ്തീർണ്ണം 101.26 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഫാറം 6 പ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ളത് 40 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ്.
4. പൂഞ്ഞാർ തെക്കേക്കര വില്ലേജിൽ റീസർവ്വേ നമ്പർ 82/5,82/11ൽ പെട്ട സ്ഥലത്ത് ശ്രീ.എൻ.കെ.സെബാസ്റ്റ്യൻ, ഞറളക്കാട്ട് എന്നയാൾ റിഷി ഹെറിറ്റേജ് വില്ലേജ് എന്നപേരിൽ 110.7ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിന് 01.09.2016ന് അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ പ്രസ്തുത പ്ലോട്ടിൽ 3 കെട്ടിടങ്ങൾ നിലവിലുള്ളതായി കാണിച്ചിട്ടുണ്ട്. പിന്നീട് 23.1.17 ന് സമർപ്പിച്ച അപേക്ഷയിന്മേൽ ഇരുനിലക്കെട്ടിടത്തിന്റെ സെല്ലാറിന്റെ പണി പൂർത്തിയാക്കിയതിനാൽ പ്രസ്തുത നിർമ്മാണം റഗുലറൈസ് ചെയ്ത് നൽകിയിട്ടുള്ളതായി കാണുന്നു. സഞ്ചയയിൽ ഫാറം 6 പരിശോധിച്ചതിൽ 7/34F,7/34I എന്നീ കെട്ടിടങ്ങൾ റിസോർട്ട് എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത നിർമ്മാണങ്ങൾ ആയുർവേദ ചികിത്സയുമായി ബന്ധപ്പെട്ട റിസോർട്ടുകളാണ് എങ്കിൽ ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് ബാധകമായ നിരക്കാണ് ചുമത്തേണ്ടിയിരുന്നത്. പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ള മറ്റ് കെട്ടിടങ്ങൾക്കും ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10) മറുപടി ലഭ്യമായിട്ടില്ല. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി പരിഷ്കരണം -നികുതി നിർണ്ണയത്തിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ, വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ₹ 30/-യും 100 ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ₹ 50/-യു മാണ് അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, 100 ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ചില കെട്ടിടങ്ങൾക്ക് ₹ 30/-നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| കെട്ടിട നം | ഉടമയുടെ പേര് | തറവിസ്തീർണ്ണം | നിർണ്ണയിച്ച നികുതി/വർഷം | നിലവിലെ നികുതി |
|---|---|---|---|---|
| 13/165 | സഖറിയാസ് വി ജെ,<br>വെട്ടുകല്ലേൽ | 136.4 ച.മീ | 3257/2011-12 | 4502 |
| 13/165A | " | 149.85 ച.മീ | 3295/2011-12 | 4272 |

| | | | | |
|---|---|---|---|---|
| 1/126 | പ്രസിഡണ്ട്, പൂഞ്ഞാർ SCB | 177.68 ച.മീ | 3240/2011-12 | 6078 |
| 1/111 | ശശീധരൻ വി എസ്,<br>വടകരയിൽ | 203.5ച.മീ | 6715/2016-17 | 6715 |

മേൽപ്പറഞ്ഞതിൽ 13/165,13/165A എന്നിവ ഒരേ കെട്ടിടത്തിന്റെ തന്നെ ഭാഗങ്ങളാണെങ്കിലും മേഖലകൾ ദ്വിതീയം, ത്രിതീയം എന്നിങ്ങനെ വ്യത്യസ്തങ്ങളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2011-12 ൽ നികുതി നിർണ്ണയിച്ച ശ്രീ സി ജെ ദേവസ്യ & സി ജെ ജോസഫ്,ചാലിൽ എന്നിവരുടെ പേരിലുള്ള 8/287 നം.കെട്ടിടത്തിന് 10-25 വർഷത്തെ പഴക്കം കാണിച്ച് 10% ഇളവ് നൽകിയിട്ടുള്ളതായി കാണുന്നു. 6-ാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള ഐഡിയ മൊബൈൽ ടവ്വറിന്റെ 2 അനുബന്ധ കെട്ടിടങ്ങളുടെ നികുതി മാത്രമാണ് 6/297 നം.കെട്ടിടത്തിന്റേതായി നിർണ്ണയിച്ചിട്ടുള്ളത് എന്ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. 39.06 ച.മീ തറവിസ്തീർണ്ണമുള്ള ടവ്വറിന്റെയും മറ്റൊരു അനുബന്ധ കെട്ടിടത്തിന്റെയും നികുതി നിർണ്ണയിച്ചിട്ടില്ലാത്തതാണ്.

16.12.2015ലെ സ.ഉ (കൈ) നം.358/15 പ്രകാരം നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ ലിസ്റ്റിൽ 488 കെട്ടിടങ്ങളാണുള്ളത്. സത്യവാങ്മൂലം വാങ്ങി, കുടുംബ നാഥൻ/കുടുംബനാഥ സ്വന്തം ആവശ്യത്തിനായി ഉപയോഗിക്കുന്ന 60 ച.മീ.താഴെ തറവിസ്തീർണ്ണമുള്ള ഒരു വാസഗൃഹത്തിന്റെ നികുതി 2015-16 മുതൽ ഒഴിവാക്കുന്നതിന് വ്യവസ്ഥ ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ അത്തരം ഭൂരിഭാഗം കെട്ടിടങ്ങളും ഡിമാന്റിൽ നിന്നും (സഞ്ചയ) ഒഴിവാക്കപ്പെട്ടിട്ടില്ല. തന്മൂലം സഞ്ചയ പ്രകാരമുള്ള ഡിമാന്റും ബാലൻസും യഥാർത്ഥമല്ല. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് 31.08.17 ൽ നൽകിയ 8-ാം നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 100ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി ശരിയായ നിരക്കിലാണോ നിർണ്ണയിച്ചിട്ടുള്ളത് എന്ന് പരിശോധിക്കേണ്ടതും ആവശ്യമുള്ള സംഗതികളിൽ പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്. കൂടാതെ,മറ്റ് ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് ശരിയാണോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്.സി.കോളനി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- പ്രോജക്റ്റ് നടത്തിപ്പിൽ അപാകതകൾ

എ)

| പ്രോജക്റ്റ് നം /പേര് | വകയിരുത്തൽ | ഫണ്ടിനം | ചെലവ് | ബിൽനം/ തീയതി |
|---|---|---|---|---|
| എസ്0130/17 എസ്. സി. കോളനി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 57000/ | വികസന ഫണ്ട് | 56580 | 5/16-17 / 31.3.17 |

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

പ്രോജക്റ്റ് പ്രകാരം ലൈറ്റ് ഒന്നിന് 460 രൂപ നിരക്കിൽ 123 ലൈറ്റുകൾ നന്നാക്കിയ വകയിൽ 56580രൂപ രാജേന്ദ്രൻ നായർ, കല്ലിട്ടുക്കനാനിക്കൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് നടപ്പാക്കിയ പ്രദേശത്ത് എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ട ആളുകളാണ് കൂടുതൽ വസിക്കുന്നത് എന്നത് സംബന്ധിച്ച സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയും ഫയലിൽ ലഭ്യമല്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡിൽ നന്നാക്കിയ ലൈറ്റുകളുടെ എണ്ണം രേഖപ്പെടുത്തി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഒപ്പിട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/30.8.17 മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രസ്താവിച്ച അപാകതകളുടെ

അടിസ്ഥാനത്തിൽ 56580/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ബി) എസ്. റ്റി. കോളനി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-- പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

| പ്രോജക്റ്റ് നം /പേര് | വകയിരുത്തൽ | ഫണ്ടിനം | ചെലവ് | ബിൽനം/തീയതി |
|---|---|---|---|---|
| എസ്0131/17 എസ്. റ്റി. കോളനി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 104000/ | വികസന ഫണ്ട് | 103960/ | 4/16-17 / 31.3.17 |

പ്രോജക്ട് പ്രകാരം ലൈറ്റ് ഒന്നിന് 460 രൂപ നിരക്കിൽ 226 ലൈറ്റുകൾ നന്നാക്കിയ വകയിൽ 103960രൂപ രാജേന്ദ്രൻ നായർ, കല്ലിടുക്കനാനിക്കൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നടപ്പാക്കിയ പ്രദേശത്ത് ഈ വിഭാഗത്തിൽ ഉൾപ്പെട്ട ആളുകളാണ് കൂടുതൽ വസിക്കുന്നത് എന്നത് സംബന്ധിച്ച സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡ് മെമ്പർമാരും തന്റെ വാർഡിൽ നന്നാക്കിയ ലൈറ്റുകളുടെ എണ്ണം രേഖപ്പെടുത്താതെ ഒപ്പിട്ട് വച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/30.8.17 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 103960/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 മന്നം സാംസ്കാരിക നിലയം- ഫർണിച്ചർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| പ്രോജക്റ്റ് നം /പേര് | വകയിരുത്തൽ | ഫണ്ടിനം | ചെലവ് | ബിൽനം/തീയതി |
|---|---|---|---|---|
| എസ് 0135/17 മന്നം സാംസ്കാരിക നിലയം- ഫർണിച്ചർ വാങ്ങൽ | 50000/ | വികസന ഫണ്ട് | 49740 | 1/16-17 / 21.3.17 |

പ്രോജക്ട് പ്രകാരം നവഭാരത് ഏജൻസീസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും അലമാര ഒന്ന്, സ്റ്റീൽ ടേബിൾ ഒന്ന്, നീൽകമൽ കസേര 64എണ്ണം എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഫർണിച്ചറുകൾ വിതരണം ചെയ്തതിന്റെ വിവരവും ലഭ്യമല്ല. സാംസ്കാരിക നിലയം സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഈ വിഭാഗത്തിൽ ഉൾപ്പെട്ട ആളുകളാണ് കൂടുതൽ വസിക്കുന്നത് എന്നത് സംബന്ധിച്ച സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയും ഫയലിൽ ലഭ്യമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം- 11/31.8.17 ന് മറുപടി ലഭ്യമാക്കിയില്ല . അപാകതകളുടെ അടിസ്ഥാനത്തിൽ 49740 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പാലിന് സബ്സിഡി -ഒരേവീട്ടിൽ രണ്ടുപേർക്ക് നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് വിശകലനം താഴെ പറയുന്നു

| പ്രോജക്റ്റ് നം /പേര് | വകയിരുത്തൽ | ഫണ്ടിനം | ചെലവ് | ബിൽനം/തീയതി |
|---|---|---|---|---|
| എസ്.0039/17 ക്ഷീര സംഘങ്ങളിൽ നൽകുന്ന പാലിന് സബ്സിഡി | 500000/ | വികസന ഫണ്ട് | 50000/ | 1/16-17-471302 / 20.2.17<br>2/16-17- 28698/ 24.3.17 |

പ്രോജക്ട് പ്രകാരം പാൽ ലിറ്റർ ഒന്നിന് 3 രൂപ നിരക്കിൽ ക്ഷീര കർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഒരേ വീട്ടിലെ രണ്ട് ( ഭാര്യയും, ഭർത്താവിനും) പേർക്ക് സബ്സിഡി നൽകിയതായി കാണുന്നു. ശ്രീ.ചാക്കോ ഒഴുകയിൽ എന്നയാൾക്ക് 4789 ലിറ്റർ പാലളന്നതിനുള്ള സബ്സിഡിയായി 14367രൂപയും, ടിയാളുടെ ഭാര്യ ശ്രീമതി ബിൻസി ചാക്കോയ്ക്ക് 1956 ലിറ്റർ പാലളന്നതിനുള്ള സബ്സിഡിയായി 5868രൂപയും, നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയിട്ടുള്ളത് ശ്രീ.ചാക്കോ ഒഴുകയിൽ ആണ്. ഒരേ വീട്ടിലെ രണ്ട് പേർക്ക് സബ്സിഡി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6ന് മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 മരുന്നുകൾ ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

(എ) ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ട് നം- 32 /2017

അടങ്കൽ - 1,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 1,00,000 (ബിൽ നം. 01/16-17 തീ.28.01.2017)

ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിന് ₹1,00,000/- ആലപ്പുഴയിലെ സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമ സിക്ക് 30.01.2017 ൽ NEFT പ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഇതേവരെ വിതരണം ചെയ്തിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ ₹ 1,00,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) ആയുർവേദാശുപത്രിക്ക് മരുന്നുവാങ്ങൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം)

പ്രൊജക്ട് നം- എസ് 71/2017

അടങ്കൽ - 1,50,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 1,50,000 (ബിൽ നം. 01/16-17 തീ.06.12.2016)

മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പാക്കിയ ടി പദ്ധതി പ്രകാരം ₹1,50,000/-മരുന്നുകൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.ടി തുക മാനേജർ ഔഷധി (സെയിൽസ് &മാർക്കറ്റിംഗ്, കുട്ടനല്ലൂർ, തൃശ്ശൂർ) ക്ക് ഡിഡി നം.26961/08.12.2016 പ്രകാരം നൽകിയിട്ടുണ്ട്.ആയതിന് രസീത് നം.593/2387/ 15.12.2016 പ്രകാരം കൈപ്പറ്റ് വിവരം അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ 136358 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 13643 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-5 വി ഇ ഒ നടപ്പാക്കിയ വിവിധ പദ്ധതികളിൽ വരുമാന പരിധി നിശ്ചയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല.

2016-17 സാമ്പത്തിക വർഷം വി ഇ ഒ - വീട് മെയിന്റെനൻസ്,ഭവന നിർമ്മാണം,എസ്.സി,എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠന മുറി എന്നിങ്ങനെ നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.എന്നാൽ ടി പദ്ധതികളിൽ ഒന്നും തന്നെ ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.ഗുണഭോക്താക്കൾ സമർപ്പിച്ച പല അപേക്ഷകളിലും റേഷൻ കാർഡിന്റെ കോപ്പിമാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.മാർഗ്ഗ രേഖ അനുസരിച്ച് വരുമാന പരിധി 50000 രൂപക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം എന്ന് വ്യക്തമായി പറയുന്നുണ്ട്. എന്നാൽ വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികളിൽ ഒന്നും തന്നെ ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖ (റവന്യൂ അധികൃതർ സാക്ഷ്യപ്പെടുത്തിയതോ/നിർവ്വഹണ ഉദ്യോഗസ്ഥർ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയതോ) ഹാജരാക്കിയിട്ടില്ല. ആയതിനാൽ വരും വർഷങ്ങളിൽ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട എല്ലാരേഖകളും ഉൾക്കൊള്ളിക്കേണ്ടതാണ്.

## 3-6 പ്രവൃത്തിയുടെപൂർത്തീകരണം/വിനിയോഗ വിശദാംശങ്ങൾ ഇല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

2014-15 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നിക്ഷേപ പ്രവൃത്തികളായാണ് നടത്തിയത്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയോ, തുകയുടെ വിനിയോഗത്തിന്റേയോ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം.,പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ഡി.ഡി.നം./ ബിൽ നം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | എസ്.0100/17 S. S. A. വിഹിതം അടയ്ക്കൽ | സെക്രട്ടറി, | പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ. | 200,000 | ബിൽ നം 8/16-17 തീയതി 21.8.16 |
| 2. | S0163/17 സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ പണം അടയ്ക്കൽ | സെക്രട്ടറി, | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പൂഞ്ഞാർ | 1199700 | ബിൽ നം 27/16-17 തീയതി 21.3.17 |
| 3. | S0173/17 പി. എം.എ. വൈ. വിഹിതം അടയ്ക്കൽ | സെക്രട്ടറി, | സെക്രട്ടറി, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 200,000 | ബിൽ നം 32/16-17 തീയതി 21.3.1 |
| 4 | S0168/17 ഇടമല പള്ളി ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | സെക്രട്ടറി, | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 100,000 | ബിൽ നം.28/16-19 തീ.21.03.2017 |
| 5 | S0155/17 സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം നൽകൽ | സെക്രട്ടറി, | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 300,000 | ബിൽ നം 19/16-17 തീയതി 30.1.17<br>ബിൽ നം 20/16-17 തീയതി 21.3.17 |
| | ആകെ | | | 1999700 | |

ധനവിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 19,99,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 77000 | പാലിയേറ്റീവ് പരിചരണം | 77000 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് | ഇടമല കരിശുപള്ളി ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | 100000 | ഇല്ല | 100000/- |
| കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസ് പൂഞ്ഞാർ | സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് | 1199700/- | ഇല്ല | 1199700/- |
| കെ. എസ്. ഇ. ബി.ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം | 300000/- | - | 300000/- |

| | അടയ്ക്കൽ | | | |
|---|---|---|---|---|

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ തൻവർഷം വരവോ ചെലവോ ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46074940 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38170753 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2323623 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ബാധകമല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (എ) | 56580 | ശ്രീമതി എൽസമ്മ ജോസഫ്, അസി.സെക്രട്ടറി, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് |
| (ബി) | 103960 | |
| 3-2 | 49740 | ശ്രീ.ശ്രീകാന്ത് റ്റി.ആർ, സെക്രട്ടറി |
| 3-4 (എ) | 100000 | ഡോ.സാജൻ ചെറിയാൻ, ഹോമിയോ മെഡിക്കൽ ഓഫീസർ , പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് |
| 3-4 (ബി) | 13643 | ഡോ.പത്മനാഭൻ, ആയുർവ്വേദ മെഡിക്കൽ ഓഫീസർ , പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് |
| 3-6 | 200000 | ശ്രീമതി എൽസമ്മ ജോസഫ്, സെക്രട്ടറി (ഇൻ-ചാർജ്ജ്) |

| | | |
|---|---|---|
| | 1799700 | ശ്രീ.ശ്രീകാന്ത് റ്റി.ആർ, സെക്രട്ടറി, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് |
| ആകെ | 2323623 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2,2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ - ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി7/557/3.6.02 | | |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി4.960/അദാ G6/2011/25.8.11 | | |
| 1999-00, 2000-01, 2001-02 plan | എൽ.എഫ്.കെ.പി7/910/03/21.5.05 | | |
| 2001-02 | എൽ.എഫ്.കെ.പി 1/1629/16/13.03.17 | | |
| 2002-03 | എൽ.എഫ്.കെ.പി 1/960/ada. A4/2011 (2)/25.8.11 | | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 1/960/ada. G6/2011/23.2.11 | | |
| 2004-05 | എൽ.എഫ്.കെ.പി -1/960/ada. A4/2011 (2)/25.8.11 | | |
| 2006-07 | എൽ.എഫ്.കെ.പി 2/1241/11 തീ.1.12.11 | | |
| 2007-08 | എൽ.എഫ്.കെ.പി 2/1310/13 തീ.24.10.13 | | |
| 2008-09 | എൽ.എഫ്.കെ.പി2- 13/1311/13തീ.24.10.13 | | |
| 2009-10 | എൽ.എഫ്.കെ.പി2/ 1312/13 തീ.26.3.14/ 31.3.14 | | |
| 2010-11 | എൽ.എഫ്.കെ.പി2/ 189/13 തീ.3.4.13/ 2.5.13 | | |
| 2011-12 & 2012-13 | കെ. എസ്. കെ.ടി.എം. പി2/ 173/15/ 8.5.15 | | |

| | | | |
|---|---|---|---|
| 13-14 & 14-15 | കെ. എസ്. എ. കെ.ടി.എം. പി-2/713/16/ 5.9.16 | | |
| 2015-16 | കെ. എസ്. എ. കെ.ടി.എം. പി-2/143/17/ 16.3.17 | 8 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ.കെടിഎം.പി.14-1490/2017 തീയതി: 22.09.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016- 17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോട്ടയം